**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **17.12.2015 - ൽ**
**നിയമസഭാ ചോദ്യം നമ്പർ: 3735** **മറുപടിയ്ക്ക്**

# മാവേലിക്കര മണ്ഡലത്തിൽ ഫയർ & റസ്ക്യൂ സർവ്വീസ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ആർ. രാജേഷ്** | | **രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| (എ) മാവേലിക്കര മണ്ഡലത്തിൽ ചാരുമൂട് കേന്ദ്രമാക്കി ഫയർ & റസ്ക്യൂ സർവ്വീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | താമരക്കുളം ഗ്രാമപഞ്ചായത്തിലെ ചാരുമൂട്ടിൽ ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്ന കെ ഐ പി വക സ്ഥലവും കെട്ടിടവും ചാരുമൂട്ടിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി വിട്ടുനൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം അനുയോജ്യമാണോ എന്ന് പരിശോധിച്ചുവരുന്നു. |
| (ബി) കുറത്തികാട് പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | കുറത്തികാട് പോലീസ് സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിനായി എം. ഒ. പി. എഫ് 2013-14 (സെൻട്രൽ ഷെയർ ) ൽ ഉൾപ്പെടുത്തി 35 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ എം. ഒ. പി. എഫ് 2013-14 (സെൻട്രൽ ഷെയർ) ൽ 4 ലക്ഷം രൂപ ചെലവിൽ ഒരു വിസിറ്റേഴ്സ് റൂമും, 3 ലക്ഷം രൂപ ചെലവിൽ ഒരു വിമൺ പോലീസ് റെസ്റ്റ് റൂമും, പതിമൂന്നാമത് ധനകാര്യ കമ്മീഷൻ അനുവദിച്ചതിൽ 9.09 ലക്ഷം രൂപ ചെലവിൽ ഒരു റെഡിമെയിഡ് ഡോർമിറ്ററിയും കുറത്തികാട് പോലീസ് സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തോടൊപ്പം നിർമ്മിക്കുവാൻ ഭരണാനുമതിയും ഫണ്ടും കെ. പി. എച്ച് സിസിയ്ക്ക് നൽകിയിട്ടുണ്ട്. ആയതിനാൽ ടി നിർമ്മാണ പ്രവർത്തനങ്ങൾ കൂട്ടി ചേർത്ത്. 51.09 ലക്ഷം രൂപ ചെലവിലാണ് കുറത്തികാട് പോലീസ് സ്റ്റേഷന്റെ കെട്ടിട നിർമ്മാണം നടക്കുന്നത്. |

(സി) ആയതിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) കുറത്തികാട് പോലീസ് സ്റ്റേഷന്റെ നിർമ്മാണത്തിനായി ചുനക്കര വില്ലേജിലെ സർവ്വേ നമ്പർ 264/12 ൽപ്പെട്ട 8.09 ആർ തരിശുഭൂമി ആഭ്യന്തര വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്.

V.Beena
സെക്ഷൻ ഓഫീസർ